**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **07-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളുടെ ആക്രമണവും പേ വിഷ ബാധയും തടയുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തെരുവ് നായ്ക്കളുടെ ആക്രമണവും പേ വിഷബാധയും തടയുന്നതിനും അവയുടെ പ്രജനന നിയന്ത്രണത്തിനും മൃഗ സംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | **തെരുവുനായകളുടെ പേവിഷ പ്രതിരോധവാക്സിൻ**<br><br>**തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷ വാക്സിൻ കുത്തിവയ്ക്കുന്നതിനും, മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.**<br><br>**സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് സെപ്റ്റംബർ 20 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു വേണ്ടി 170 ഹോട്ട് സ്പോട്ടുകൾ മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തു തലത്തിൽ കണ്ടെത്തിയിട്ടുണ്ട്. സൗജന്യമായി വാക്സിൻ മൃഗസംരക്ഷണ വകുപ്പ് വിതരണം ചെയ്യും. ഡോഗ് ക്യാച്ചർമാർ, വാഹനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതാണ്. സെപ്റ്റംബർ 20 മുതൽ നാളിതു വരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 506 ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ ട്രെയിനിങ്ങ് കേന്ദ്രങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടുതൽ ഡോഗ് ക്യാച്ചർമാരെ കണ്ടെത്തി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**പ്രതിരോധ കുത്തിവെയ്പിനാവശ്യമായ വാക്സിൻ സംഭരണം, വിതരണം, ക്യാമ്പുകൾ സംഘടിപ്പിയ്ക്കൽ, മോണിറ്ററിംഗ് സമിതി രൂപീകരിയ്ക്കൽ, ഡോഗ് ക്യാച്ചേഴ്സ്, മൃഗപരിപാലകർ എന്നിവരെ ജില്ലാ അടിസ്ഥാനത്തിൽ നിയമിയ്ക്കൽ, കുടുംബശ്രീ സംവിധാനവും സന്നദ്ധ സംഘടനകളും ലഭ്യമാക്കുന്ന ഡോഗ് ക്യാച്ചേഴ്സിന് ആവശ്യമായ പരിശീലനം നൽകി നിയോഗിയ്ക്കൽ എന്നിവയുടെ ഏകോപനവും** |

| | | | |
|---|---|---|---|
| | | | **നടത്തിപ്പും മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥർ നിർവഹിയ്ക്കുന്നു.**<br><br>**<u>തെരുവുനായ പ്രജനന നിയന്ത്രണം</u>**<br><br>**കുടുംബശ്രീയ്ക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No. 13204/2021 തീയതി 19/07/2021 ലെ ഇടക്കാല വിധി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തിരം Animal Birth Control പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എബിസി ചെയ്യുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. നിലവിൽ സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ എബിസി പ്രവർത്തനങ്ങൾ നടന്നു വരുന്നു. എബിസി ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം നൽകുന്നത് മൃഗസംരക്ഷണ വകുപ്പാണ്. സംസ്ഥാനത്ത് 37 എബിസി സെന്ററുകൾ പ്രവർത്തിപ്പിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതും ആക്രമണം രൂക്ഷമാകുന്നതും കണക്കിലെടുത്ത് അഡോപ്ഷൻ ക്യാമ്പുകൾ രൂപീകരിക്കുവാൻ നടപടി ഉണ്ടാകുമോ; വിശദമാക്കുമോ; | (ബി) | **അഡോപ്ഷൻ ക്യാമ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ച് വരുന്നു. ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട എന്നീ നഗരസഭകളിൽ 2022 ൽ ആകെ 225 തെരുവ് നായ്ക്കളെ ദത്ത് നൽകിയിട്ടുണ്ട്.** |
| (സി) | മൃഗ സംരക്ഷണ വകുപ്പിനെ കൂടാതെ മറ്റ് ഏതെങ്കിലും സ്ഥാപനത്തിനോ സംഘടനകൾക്കോ തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം നടത്തുന്നതിന് അനുമതിയുണ്ടോ; വിശദമാക്കുമോ? | (സി) | **സംസ്ഥാനത്ത് അനിമൽ വെൽഫയർ ബോർഡിന്റെ എബിസി ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ള ഏക സംഘടന തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് എന്ന മൃഗക്ഷേമ സംഘടനയാണ്.** |

സെക്ഷൻ ഓഫീസർ